2023
AUGUST
31
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ്: സെക്ടറൽ ഓഫീസർമാരെ നിയമിച്ചു



**കോട്ടയം:** പുതുപ്പള്ളി നിയോജകമണ്ഡലം ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സെക്ടറൽ ഓഫീസർമാരെയും സെക്ടറൽ അസിസ്റ്റന്റുമാരെയും നിയമിച്ച് ജില്ലാ കളക്ടർ വി.വിഗ്നേശ്വരി ഉത്തരവായി. 16 സെക്ടറൽ ഓഫീസർമാരെയും 16 സെക്ടറൽ അസിസ്റ്റന്റുമാരെയുമാണ് നിയോഗിച്ചിട്ടുള്ളത്. മജിസ്റ്റീരിയൽ അധികാരത്തോടുകൂടിയാണ് ഇവരുടെ നിയമനം.പോളിങ് സ്റ്റേഷനുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി പുരോഗതി റിപ്പോർട്ട് ചെയ്യുകയും സുഗമമായ വോട്ടെടുപ്പ് ഉറപ്പാക്കുകയുമാണ് ഇവരുടെ ചുമതല. വോട്ടെടുപ്പിന് മുമ്പ് സെക്ടറൽ ഓഫീസർമാർ തങ്ങളുടെ ചുമതലയിലുള്ള പോളിങ് കേന്ദ്രങ്ങൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്ന് പരിശോധിക്കണം. എല്ലാ പോളിംഗ് ഉദ്യോഗസ്ഥരും പോളിങ് കേന്ദ്രത്തിൽ എത്തിയിട്ടുണ്ടെന്നും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പ് സാമഗ്രികൾ ലഭിച്ചിട്ടുണ്ടെന്നും ഉറപ്പാക്കണം.പോളിങ് കേന്ദ്രങ്ങളിൽ ഏതെങ്കിലും പോളിംഗ് സാമഗ്രികളുടെ കുറവുണ്ടായാൽ അവ ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും സെക്ടറൽ ഓഫീസർമാരാണ്. ഇതിന് ആവശ്യമായ ഫോറങ്ങളും തെരഞ്ഞെടുപ്പ് സാമഗ്രികളും എപ്പോഴും വാഹനത്തിൽ കരുതിയിരിക്കണം.ഏതെങ്കിലും പോളിങ് കേന്ദ്രത്തിൽ അടിയന്തര സാഹചര്യത്തിൽ പുതിയ വോട്ടിങ് യന്ത്രം ആവശ്യമായി വന്നാൽ അവ ഉടൻ ലഭ്യമാക്കണം. പോളിങ് സ്റ്റേഷനിലോ അവയുടെ പരിസരത്തോ ഏന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ പോലീസുമായി ബന്ധപ്പെട്ട് പരിഹരിക്കണം. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, വരണാധികാരി, പ്രിസൈഡിംഗ് ഓഫീസർമാർ, പ്രദേശത്ത് ക്രമസമാധാന ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മൊബൈൽ നമ്പരുകൾ സെക്ടറൽ ഓഫീസർമാരുടെ കൈവശം ഉണ്ടായിരിക്കണം. വോട്ടെടുപ്പിന് മൂന്നുദിവസം മുമ്പുമുതൽ പോളിംഗിന് ശേഷം സാധനങ്ങൾ തിരികെ സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നതു വരെയാണ് സെക്ടറൽ ഓഫീസർമാരുടെ സേവന സമയം.

## പാചകവാതകവില

# 200 രൂപ കുറയും

**ന്യൂഡൽഹി:** സാധാരണക്കാരന്റെ നട്ടെല്ല് തകർത്ത് സർവ്വ മേഖലയിലും വില കുതിച്ചുയരുന്നതിനിടയിൽ പാചകവാതക വിലയിൽ 200 രൂപ കുറവു പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. 14.2 കിലോഗ്രാം വരുന്ന പാചകവാതക സിലിണ്ടർ ഒന്നിന് 200 രൂപ വീതം കുറയ്ക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. ഓഗസ്റ്റ് 30 മുതൽ പുതിയ വില പ്രാബല്യത്തിൽ വരും. ഡൽഹിയിൽ 14.2 കിലോഗ്രാം വരുന്ന സിലിണ്ടറിന് 1103 രൂപയാണ് നൽകിയിരുന്നതെങ്കിൽ പുതിയ വില പ്രകാരം ഇനി 903 രൂപ നൽകിയാൽ മതി. കൊച്ചിയിൽ 1110 രൂപയായിരുന്ന ഗാർഹിക സിലിണ്ടറിന് പുതിയ വില പ്രഖ്യാപന പ്രകാരം 910 രൂപയായി കുറയും.രാജ്യത്തെ കോടിക്കണക്കിന് സഹോദരിമാർക്കുള്ള സമ്മാനമാണിതെന്നും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനും പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും പ്രയോജനം ചെയ്യാനും സാധ്യമായതെല്ലാം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.പിഎംയുവൈ കുടുംബങ്ങൾക്ക് നിലവിലുള്ള സബ്സിഡിയായ 200 രൂപയ്ക്ക് പുറമേയാണ് ഈ കുറവ്. പിഎംയുവൈ കുടുംബങ്ങൾക്ക്, ഈ കുറവിന് ശേഷം ഡൽഹിയിൽ സിലിണ്ടറിന് 703 രൂപയാകും നൽകേണ്ടി വരിക.9.6 കോടി പിഎംയുവൈ ഗുണഭോക്താക്കൾ ഉൾപ്പെടെ രാജ്യത്ത് 31 കോടിയിലധികം ഗാർഹിക എൽപിജി ഉപഭോക്താക്കൾ ഉണ്ട്. തീർപ്പുകൽപ്പിക്കാത്ത പിഎംയുവൈ അപേക്ഷകൾ തീർപ്പാക്കുന്നതിനും യോഗ്യരായ എല്ലാ കു



ടുംബങ്ങൾക്കും നിക്ഷേപ സൗജന്യ എൽപിജി കണക്ഷൻ നൽകുന്നതിനുമായി എൽപിജി കണക്ഷനില്ലാത്ത പാവപ്പെട്ട വീടുകളിലെ 75 ലക്ഷം സ്ത്രീകൾക്ക് ഗവൺമെന്റ് ഉടൻ തന്നെ പിഎംയുവൈ കണക്ഷനുകൾ വിതരണം ചെയ്യാൻ തുടങ്ങും. ഇത് മൊത്തം പിഎംയുവൈ ഗുണഭോക്താക്കളുടെ എണ്ണം 9.6 കോടിയിൽ നിന്ന് 10.35 കോടിയായി ഉയർത്തുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.ജനങ്ങൾക്കുമേലുള്ള സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനും കുടുംബങ്ങളുടെ ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഗവൺമെന്റിന്റെ ശ്രമങ്ങളുടെ ഭാഗമാണ് ഈ തീരുമാനങ്ങളെന്ന് പെട്രോളിയം, പ്രകൃതി വാതക വകുപ്പ് മന്ത്രി ഹർദീപ് സിങ് പുരി പറഞ്ഞു.രാജ്യത്തെ പൗരൻമാരുടെ ക്ഷേമത്തിന് മുൻഗണന നൽകാനും അവശ്യസാധനങ്ങൾ ന്യായമായ നിരക്കിൽ ലഭ്യമാക്കാനുമുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് പാചകവാതക വില കുറച്ചതിലൂടെ പ്രതിഫലിപ്പിക്കുന്നത്.കുടുംബബജറ്റ് കൈകാര്യം ചെയ്യുന്നതിൽ ജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ ഗവൺമെന്റിന് മനസ്സിലാകും. കുടുംബങ്ങൾക്കും വ്യക്തികൾക്കും നേരിട്ട് ആശ്വാസം ലഭിക്കുകയെന്ന ലക്ഷ്യത്തോടെയും ഒപ്പം അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നതും കൂടി മുന്നിൽ കണ്ടാണ് ഗവൺമെന്റിന്റെ തീരുമാനമെന്നും കേന്ദ്ര മന്ത്രി ഹർദീപ് സിങ് പുരി പറഞ്ഞു.

അതേ സമയം അഞ്ചു സംസ്ഥാനങ്ങളിൽ നടക്കാൻ പോകുന്ന തിരഞ്ഞെടുപ്പും വരുന്ന വർഷം നടക്കാൻ പോകുന്ന ലോക്സഭാ തിരഞ്ഞെടുപ്പും മുന്നിൽകണ്ടാണ് പാചക വാതക വിലയിൽ കുറവു വരുത്തിയിരിക്കുന്നതെന്നാണ് പ്രതിപക്ഷ കക്ഷികൾ പറയുന്നത്.

## ഡിഫൻസ് വൊളണ്ടിയർമാരെ ആദരിച്ചു

**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തം നിയന്ത്രിക്കാൻ മികച്ച സേവനം നടത്തിയ തൃക്കാക്കര ഫയർസ്റ്റേഷൻ പരിധിയിലെ സിവിൽ ഡിഫൻസ് വൊളണ്ടിയർമാരെ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ആദരിച്ചു. തൃക്കാക്കര ഫയർസ്റ്റേഷന് വേണ്ടിയാണ് കളക്ടർ വൊളണ്ടിയർമാരെ ആദരിച്ചത്. വിലമതിക്കാനാവത്ത സേവനമാണ് വൊളണ്ടിയർമാർ നടത്തിയതെന്നും എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നതായും ജില്ലാ കളക്ടർ പറഞ്ഞു. എകളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ തൃക്കാക്കര ഫയർസ്റ്റേഷൻ ഓഫീസർ കെ.എൻ സതീശൻ, ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ എം.പി നിസാം, ഷിജോ ജേക്കബ്, ഹോം ഗാർഡ് ചന്ദ്ര സേനൻ തുടങ്ങിയവർ പങ്കെടുത്തു.



## ഇൻഫിനിറ്റി സേവിങ്സ് അക്കൗണ്ട് അവതരിപ്പിച്ച് ആക്സിസ് ബാങ്ക്

AXIS BANK

**കൊച്ചി:** ആക്സിസ് ബാങ്ക് 'ഇൻഫിനിറ്റി സേവിങ്സ് അക്കൗണ്ട്' എന്ന പേരിൽ ആഭ്യന്തര ഇടപാടുകൾക്ക് ഫീസ് ഇല്ലാത്ത സേവിങ്സ് അക്കൗണ്ട് അവതരിപ്പിച്ചു. സബ്സ്ക്രിപ്ഷൻ അധിഷ്ഠിത മാതൃകകൾ സ്വീകരിക്കുന്ന ഡിജിറ്റൽ ബാങ്കിങ് പരിജ്ഞാനമുള്ള ഇടപാടുകാർക്കുള്ളതാണ് ഈ പുതിയ അക്കൗണ്ടെന്ന് ആക്സിസ് ബാങ്ക് ഗ്രൂപ്പ് എക്സിക്യൂട്ടീവും ബ്രാഞ്ച് ബാങ്കിങ്, റീട്ടെയ്ൽ ലയബലിറ്റീസ്, പ്രൊഡക്റ്റ്സ് മേധാവിയുമായ രവി നാരായണൻ പറഞ്ഞു.ബാങ്കിങ് അനുഭവത്തിൽ വിപ്ലവം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ അക്കൗണ്ട് രീതി അവതരിപ്പിച്ചിരിക്കുന്നത്. ഉപയോക്താക്കൾക്ക് വീഡിയോ കെവൈസി പ്രക്രിയയിലൂടെ പൂർണമായും ഡിജിറ്റലായി ഈ അക്കൗണ്ട് തുടങ്ങാവുന്നതാണ്. 150 രൂപയുടെ പ്രതിമാസ സബ്സ്ക്രിപ്ഷൻ പ്ലാനിന് ആറ് മാസമാണ് കുറഞ്ഞ കാലാവധി. അതിന് ശേഷം ഒരോ 30 ദിവസത്തിലും 150 രൂപ വീതം ഈടാക്കും. 1650 രൂപയുടെ വാർഷിക പ്ലാനിൽ 360 ദിവസം 'ഇൻഫിനിറ്റി' ആനുകൂല്യങ്ങൾ ലഭ്യമാകും.ഈ അക്കൗണ്ട് ഉടമകൾക്ക് രാജ്യത്തെമ്പാടും ഏത് എടിഎമ്മിലും പരിധിയില്ലാതെ ഇടപാടുകൾ, ആക്സിസ് ബാങ്ക് ഗ്രാബ് ഡീൽസ് പ്ലാറ്റ്ഫോമിൽ ക്യാഷ് ബാക്ക്, ഇ ഡെബിറ്റ് കാർഡിലൂടെയുള്ള എല്ലാ ഇടപാടുകൾക്കും ഒരു ശതമാനം ക്യാഷ് ബാക്ക് തുടങ്ങിയ അധിക ആനുകൂല്യങ്ങളും ലഭ്യമാകും.ഡിജിറ്റൽ ബാങ്കിങ്ങിനെ പുതിയ തലത്തിലേക്ക് ഉയർത്തുകയാണ് ഈ അക്കൗണ്ടിലൂടെ തങ്ങൾ ചെയ്യുന്നതെന്നും ഇന്നത്തെ ഉപയോക്താക്കളുടെ മുൻഗണനകൾക്കും പ്രതീക്ഷകൾക്കും അനുസൃതമായി വിപ്ലവകരമായ ബാങ്കിങ് അനുഭവം ലഭ്യമാക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നതെന്നും രവി നാരായണൻ പറഞ്ഞു.

## സങ്കൽപ് സേവിങ്സ് അക്കൗണ്ട് അവതരിപ്പിച്ച് കൊടക് മഹീന്ദ്ര ബാങ്ക്

kotak
Kotak Mahindra Bank

**കൊച്ചി:** ഗ്രാമീണ, അർദ്ധനഗര ഉപഭോക്താക്കളുടെ ബാങ്കിങ് ആവശ്യങ്ങൾ പരിഹരിക്കുക എന്ന് ലക്ഷ്യത്തോടെ സങ്കൽപ് സേവിങ്സ് അക്കൗണ്ടുകൾ പ്രഖ്യാപിച്ച് കൊടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്. 'ഏക് വിശ്വാസ് ആഗേ ബഢ്തെ രഹനേ കാ'എന്ന പദ്ധതിയുടെ ഭാഗമായാണ് പുതിയ അക്കൗണ്ടു അവതരിപ്പിച്ചിരിക്കുന്നത്. ബാങ്കിങ് സേവനങ്ങൾക്ക് പുറമേ പുതിയ സേവിങ്സ് അക്കൗണ്ടു കോംപ്ലിമെന്ററി ടോക്ക് ടൈമും, പേഷോപ്പ്മോർ ഡെബിറ്റ് കാർഡും ഇതോടൊപ്പം ബാങ്ക് വാഗ്ദാനം ചെയ്യുന്നു.പുതിയ സ്കീം പ്രകാരം പ്രതിമാസ ബാലൻസ് ശരാശരി 2500 രൂപ അല്ലെങ്കിൽ ചുരുങ്ങിയത് 365 ദിവസത്തേക്ക് 25,000 രൂപയുടെ സ്ഥിര നിക്ഷേപം എന്നിവയുള്ള ഓരോ ഉപഭോക്താവിനും 250 രൂപ വൺ ടൈം ബെനിഫിറ്റ് ആയി ലഭിക്കും. സ്വർണ്ണ വായ്പ, ഇരുചക്ര വാഹന, ട്രാക്ടർ വായ്പ എന്നിവയിന്മേൽ യഥാക്രമം 100 ശതമാനം, 50 ശതമാനം പ്രോസ്സസിങ് ഫീ ഇളവ്, ആഭ്യന്തര എടിഎമ്മുകളിൽ നിന്ന് ദിവസേന 40,000 രൂപ വരെ പിൻവലിക്കാനുള്ള അവസരവും 2 ലക്ഷം രൂപ വരെയുള്ള ഡെയിലി പർച്ചേസ് ലിമിറ്റുള്ള പേഷോപ്പ്മോർ ഡെബിറ്റ് കാർഡ്, പേഷോപ്പ്മോർ ഡെബിറ്റ് കാർഡിൻമേൽ 5 ലക്ഷം രൂപ വരെ കവറേജുള്ള വ്യക്തിഗത അപകട മരണ ഇൻഷുറൻസ്, 2,50,000 രൂപ വരെ ലോസ്റ്റ് കാർഡ് ബാധ്യത, ഹോട്ടൽ, ഷോപ്പിങ്ങ്, യാത്രകൾ എന്നിവയിന്മേൽ പ്രത്യേക പ്രതിദിനഓഫറുകളും ലഭ്യമാണ്. അക്കൗണ്ടു തുടങ്ങുന്നതിനായി കൊടക്കിന്റെ വെബ്സൈറ്റിലൂടെയോ മൊബൈൽ ആപ്പിലൂടെയോ ഡിജിറ്റൽ ആയും ബാങ്കിന്റെ ബ്രാഞ്ചുകളിൽ നേരിട്ടും അപേക്ഷിക്കാം.

### വിലക്കിഴിവ് പ്രഖ്യാപിച്ച് ഇലക്ട്രോണിക്സ് ആന്റ് ലൈഫ്സ്റ്റൈൽ ബ്രാൻഡ് എൻഡെഫോ

**കൊച്ചി :** ഓണത്തിനോടാനുബന്ധിച്ചു ഉപഭോക്താക്കൾക്ക് എല്ലാ ഉൽപ്പന്നങ്ങളിലും 50% വരെ വൻ കിഴിവ് പ്രഖ്യാപിച്ചു ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇലക്ട്രോണിക്സ് & ലൈഫ്സ്റ്റൈൽ ബ്രാൻഡ് എൻഡെഫോ.എൻഫിറ്റ് മാക്സ്, പ്ലസ് , ബിഗ എൽഡി സ്മാർട്ട് വാച്ച്, ഗ്ലാം വുഡൻ സ്പീക്കർ, സൗ ബാറുകൾ തുടങ്ങിയ സമീപകാലത്തു ഇറക്കിയ ഉത്പന്നങ്ങളും ആകർഷകമായ വിലയിൽ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ദക്ഷിണേന്ത്യയിലെ 2000 ലധികം മുൻനിര റീട്ടെയിൽ സ്റ്റോറുകളിൽ ഈ ഉൽപ്പന്നങ്ങൾ ലഭ്യമാണ്. ഷോപ്പേഴ്സിനും ഈ വിലക്കിഴിവിൽ ഉത്പന്നങ്ങൾ ലഭിക്കും.

## ഇലക്ട്രിഫൈഡ് ഫ്ളെക്സ് ഫ്യൂവൽ വാഹനത്തിന്റെ പ്രോട്ടോടൈപ്പ് അവതരിപ്പിച്ച് ടൊയോട്ട




**കൊച്ചി:** ലോകത്തിലെ തന്നെ ആദ്യത്തെ ബിഎസ് 6 (സ്റ്റേജ് II) ഇലക്ട്രിഫൈഡ് ഫ് ളെക്സ് ഫ്യൂവൽ വാഹനത്തിന്റെ പ്രോട്ടോടൈപ്പ് അവതരിപ്പിച്ച് പ്രമുഖ വാഹന നിർമാതാക്കളായ ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ്. സുസ്ഥിരതയിലൂന്നിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മറ്റൊരു നാഴികകല്ല് അടയാളപ്പെടുത്തിയിരിക്കുകയാണ് ടൊയോട്ട ഇതിലൂടെ. ഫോസിൽ ഇന്ധനത്തിന്റെ വലിയ രീതിയിലുള്ള ഉപഭോഗത്തിന് ബദൽ മാർഗമാകുന്നതിനും സമഗ്രമായ കുറഞ്ഞ കാർബൺ ഉദ്‌വമനം കൈവരിക്കാനും കഴിയുമെന്ന് കമ്പനി അധികൃതർ അവകാശപ്പെടുന്നു.ടൊയോട്ട അവതരിപ്പിച്ചിരിക്കുന്ന ഇലക്ട്രിഫൈഡ് ഫ് ളെക്സ് ഫ്യൂവൽ വാഹനത്തിന്റെ പ്രോട്ടോടൈപ്പ് ഇന്നോവ ഹൈക്രോസിൽ നിർമ്മിച്ചതാണ്. ഇന്ത്യയിലെ എമിഷൻ മാനദണ്ഡങ്ങളോട് കിടപിടിക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ബിഎസ് 6 (സ്റ്റേജ് II) ഇലക്ട്രിഫൈഡ് ഫ് ളെക്സ് ഫ്യൂവൽ വാഹനത്തിന്റെ ലോകത്തിലെ ആദ്യത്തെ പ്രോട്ടോടൈപ്പാണിത്. പ്രോട്ടോടൈപ്പിനായുള്ള അടുത്ത ഘട്ടങ്ങളിൽ കൂടുതൽ സൂക്ഷ്മമായ കാലിബ്രേഷൻ, ഹോമോലോഗേഷൻ, സർട്ടിഫിക്കേഷൻ എന്നിവ ഇതിൽ ഉൾപ്പെടുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ഊർജ്ജ സാന്ദ്രത കുറവായതിനാൽ എഥനോളിന്റെ കുറഞ്ഞ ഇന്ധനക്ഷമതയാണ് ഫ് ളെക്സ് ഇന്ധന വാഹനങ്ങൾക്കുള്ള വെല്ലുവിളി. ഈ വെല്ലുവിളിയെ നേരിടുന്നതിനാണ് ആഗോളതലത്തിൽ ഫ് ളെക്സ് ഫ്യൂവൽ എഞ്ചിനും ഇലക്ട്രിക് പവർട്രെയിനും ഉള്ള ഒരു നൂതന ഹരിത സാങ്കേതികവിദ്യയായി ഇലക്ട്രിഫൈഡ് ഫ് ളെക്സ് ഫ്യൂവൽ വെഹിക്കിളുകൾ അവതരിപ്പിക്കുന്നത്. അതിനാൽ, 40 ശതമാനം ദൂരവും 60 ശതമാനം സമയവും ഇലക്ട്രിക് മോഡിൽ (നിർദ്ദിഷ്ട പരീക്ഷണ സാഹചര്യങ്ങളിൽ) പെട്രോൾ എഞ്ചിൻ അടച്ച് ഓടാൻ കഴിയുന്ന ശക്തമായ ഹൈബ്രിഡ് ഇലക്ട്രിക് വെഹിക്കിളിന്റെ (SHEV) കാര്യത്തിലെന്നപോലെ, ഇതിന്റെ ഉപയോഗം ഫ് ളെക്സ് ഫ്യൂവൽ എഞ്ചിനുമായി ചേർന്ന് ഇലക്ട്രിക് പവർട്രെയിൻ മെച്ചപ്പെടുത്തിയ ഇന്ധനക്ഷമതയിലൂടെ ഈ വെല്ലുവിളിയെ മറികടക്കുന്നുവെന്നും കമ്പനി അവ്യക്തമാക്കി.അതിവേഗം വളരുന്ന വലിയ സമ്പദ് വ്യവസ്ഥയായ ഇന്ത്യയിൽ ക്രൂഡ് ഓയിൽ ഇറക്കുമതിക്കൊപ്പം തന്നെ ഫോസിൽ ഇന്ധന ഉപഭോഗവും കൂടുതലാണ്. സഞ്ചാര കാര്യങ്ങളിലെ ആവശ്യകതകളിലുള്ള വലിയ വർദ്ധനവ് കാരണം, നിലവിൽ ഗതാഗത മേഖലയിലാണ് 50 ശതമാനത്തോളവും എണ്ണ ഉപഭോഗവും വേണ്ടി വരുന്നത്. ഇന്ത്യയിൽ ഗതാഗത മേഖലയിലെ ഊർജ ഉപഭോഗം 2030ൽ 200 Mtoe (മില്ല്യൺ ടൺ എണ്ണയ്ക്ക് തുല്യമായ)യായി ഇരട്ടിക്കുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഉയർന്ന ഫോസിൽ ഇന്ധന ഉപഭോഗം വലിയ രീതിയിലുള്ള കാർബൺ പുറന്തള്ളലിനും കാരണമാകും. അതുകൊണ്ട് തന്നെ ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് അതിവേഗം മാറ്റമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## 'ഇലക്ട്രോ ഓണം ഉത്സവം'വ്യത്യസ്ത ആഘോഷവുമായി ക്രോമ

**കൊച്ചി:** പാരമ്പര്യവും കാലാനുസൃതവുമായ മാറ്റവും ലയിപ്പിച്ച് ഇലക്ട്രോ ഓണം ഉത്സവുമായാണ് ക്രോമ ഇത്തവണ ഓണത്തെ വരവേറ്റത്.ക്രോമ അതിന്റെ പ്രചരണ പരിപാടികൾക്കായി വളരെ പുതുമയേറിയ ആശയമാണ് ഇത്തവണ അവതരിപ്പിച്ചത്. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ടെക്നോളജി കേന്ദ്രീകരിച്ചുള്ള പ്രചാരണ പരിപാടികൾ അവതരിപ്പിച്ച് ക്രോമ ഓണ പ്രചാരണ പരിപാടികൾക്ക് പുതുമയേറ്റി. കേരളത്തിൻറെ പ്രിയപ്പെട്ട മാവേലിയെ ആർട്ടിഫിഷ്യൽ ഇൻറലിജൻസിലൂടെ ആവിഷ്ക്കരിച്ചാണ് ക്രോമ ഓണം തികച്ചും വ്യത്യസ്തമാക്കിയത്. ഓണത്തിൻറെ സാംസ്കാരിക സമൃദ്ധി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ടെക്നോളജിയുടെ അനന്ത സാധ്യതകളുമായി മികച്ച രീതിയിൽ ഇഴചേർത്തതായിരുന്നു പുതിയ എഐ ഉപയോഗിച്ചുള്ള കാമ്പെയിൻ. ഇതോടൊപ്പം തന്നെ കേരളത്തിലങ്ങോളമിങ്ങോളമുള്ള ക്രോമ സ്റ്റോറുകളിൽ മഹാബലി ഉപയോക്താക്കൾക്ക് സമ്മാനങ്ങളും കൂപ്പണുകളും വിതരണം ചെയ്യുകയും ചെയ്തു. ക്രോമ ഇലക്ട്രോ ഓണത്തിൽ പങ്കെടുത്ത എ




ല്ലാവർക്കും ക്രോമ ആകർഷകമായ സമ്മാനങ്ങൾ ഉറപ്പാക്കുകയും ചെയ്തു.ഓണാഘോഷങ്ങൾക്ക് മാറ്റു കൂട്ടാൻ ക്രോമ മറ്റ് ഓൺ ഗ്രൗണ്ട് പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. കൊച്ചി നിവാസികളെ അഭിവാദ്യം ചെയ്യുന്നതിന് മഹാബലിയുടെ ഒരു വൻ കട്ടൗട്ടും ഉണ്ടായിരുന്നു. കേരളത്തിലെമ്പാടുമുള്ള ക്രോമ സ്റ്റോറുകളിൽ ഇത്തരത്തിലുള്ള കട്ടൗട്ടുകൾ സ്ഥാപിച്ചിരുന്നു. കൊച്ചി മെട്രോയിലും കൊച്ചി വിമാനത്താവളത്തിലും സംഘടിപ്പിച്ച സവിശേഷമായ ഓൺഗ്രൗണ്ട് പ്രവർത്തനത്തിലൂടെ, മഹാബലി പതിനായിരത്തിലധികം ക്ഷണക്കത്തുകൾ വിതരണം ചെയ്തു. ഉപയോക്താക്കൾക്ക് കൂടുതൽ സന്തോഷവും പുതുമയും പകരുന്നതിനായുള്ള ക്രോമയുടെ യാത്രയിൽ പാരമ്പര്യവും സാങ്കേതിക വിദ്യയും കോർത്തിണക്കിയുള്ള കാമ്പെയിനിൽ പുതിയ അധ്യായം കൂട്ടിച്ചേർത്തിരിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# പുതിയ 2023 ഹോർനെറ്റ് 2.0 പുറത്തിറക്കി ഹോണ്ട



**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ 2023 ഹോർനെറ്റ് 2.0 പുറത്തിറക്കി. ശക്തമായ 184.40സിസി, 4 സ്ട്രോക്ക്, സിംഗിൾ സിലിണ്ടർ ബിഎസ്6 ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന പിജിഎംഎഫ്ഐ എഞ്ചിനാണ് 2023 ഹോർനെറ്റ് 2.0ന്. ഇത് 12.70 കി.വാട്ട് പവറും, 15.9 എൻ.എം ടോർക്കും നൽകും. 200 സിസിയിൽ താഴെയുള്ള വിഭാഗത്തിൽ ആദ്യമായി അപ്സൈഡ് ഡൗൺ (യുഎസ്ഡി) ഫ്രണ്ട് ഫോർക്കും 2023 ഹോർനെറ്റ് 2.0ൽ വരുന്നു.ഹോണ്ടയുടെ 10 വർഷത്തെ പ്രത്യേക വാറന്റി പാക്കേജും എച്ച്എംഎസ്ഐ വാഗ്ദാനം ചെയ്യുന്നു. പേൾ ഇഗ്നിയസ് ബ്ലാക്ക്, മാറ്റ് സാംഗ്രിയ റെഡ് മെറ്റാലിക്, മാറ്റ് മാർവൽ ബ്ലൂ മെറ്റാലിക്, മാറ്റ് ആക്സിസ് ഗ്രേ മെറ്റാലിക് എന്നീ നിറങ്ങളിൽ വരുന്ന ഹോർനെറ്റ് 2.0 ഒബിഡി2 ഡബിൾ ഡിസ്ക് വേരിയന്റിന് 1,39,000 രൂപയാണ് ഡൽഹി എക്സ്ഷോറൂം വില.സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഉത്പന്ന നിരയെ നവീകരിക്കുന്നതിൽ എച്ച്എംഎസ്ഐ ഉത്സാഹത്തോടെ പ്രവർത്തിക്കുന്നുവെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും, പ്രസിഡന്റും, സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു.

# കൊച്ചിയിൽ രണ്ട് സ്റ്റോറുകൾ കൂടി ആരംഭിച്ച് സോച്ച്




**കൊച്ചി:** ഇന്ത്യയിലെ മുൻ നിര ഒക്കേഷൻ, ഈവനിങ്ങ് വസ്ത്ര ബ്രാൻഡായ സോച്ച് കൊച്ചിയിൽ പുതിയ രണ്ട് സ്റ്റോറുകൾ കൂടി ആരംഭിച്ചു. കൊച്ചി മരടിലുള്ള ഫോറം മാളിലും, എംജി റോഡിലുള്ള സെന്റർ സ്ക്വയർ മാളിലുമാണ് പുതിയ സ്റ്റോറുകൾ തുടങ്ങുന്നത്. സോച്ചിന്റെ രണ്ടാമത്തെ സ്റ്റോറാണ് സെന്റർ സ്ക്വയർ മാളിൽ ആരംഭിക്കുന്ന 870 ചതുരശ്ര അടി വലിപ്പമുള്ള സ്റ്റോർ. ഇതിനു പുറമേ, ഫോറം കൊച്ചിയിലെ സ്റ്റോർ 1191 ചതുരശ്ര അടി വലിപ്പത്തിൽ കൊച്ചിയിലെ മൂന്നാമത്തെ സ്റ്റോറായിരിക്കും. ഫാഷൻ വസ്ത്രങ്ങൾ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് കൂടുതൽ വൈവിധ്യതയും സോച്ചിൽ നിന്നുള്ള മികച്ച ശേഖരങ്ങളും ഈ സ്റ്റോറുകൾ വാഗ്ദാനം ചെയ്യുന്നു.സാരികൾ, സൽവാർ സ്യൂട്ടുകൾ, കുർത്തികൾ, ലഹങ്കകൾ, ഫ്യൂഷൻ വെയർ സ്റ്റൈലുകൾ എന്നിവയിൽ നിന്നെല്ലാം ഒട്ടേറെ തിരഞ്ഞെടുക്കാൻ ഈ സ്റ്റോറിലൂടെ ഫാഷൻ പ്രേമികൾക്ക് കഴിയും. സോച്ചിന്റെ ഏറ്റവും പുതിയ ശേഖരങ്ങൾ ഈ സ്റ്റോറുകളിൽ ഉണ്ടായിരിക്കും. പരമ്പരാഗത സൗന്ദര്യബോധവും സമകാലിക പ്രവണതകളും ഒരുപോലെ ഒത്തുചേരുന്ന ഒന്നായിരിക്കും പുതിയ ശേഖരങ്ങൾ. 18 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച സോച്ചിന് 60ൽ പരം നഗരങ്ങളിലായി 160ൽ പരം എക്സ്ക്ലൂസീവ് സ്റ്റോറുകളുണ്ട്. soch.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ സാനിധ്യവും സോച്ച് ശക്തിപ്പെടുത്തിയിട്ടുണ്ട്. കമ്പനിയുടെ സ്റ്റോറുകൾക്കും ഓൺലൈൻ ചാനലുകൾക്കും പുറമേ റിലയൻസ് സെൻട്രോ സ്റ്റോഴ്സ്, ആമസോൺ, മിന്ത്ര, അജിയോ എന്നിങ്ങനെയുള്ള പ്രമുഖ വിപണികളിലും സോച്ച് ഉൽപ്പന്നങ്ങൾ ലഭ്യമാണ്. പുതിയ രണ്ട് സ്റ്റോറുകൾ കൂടി തുടങ്ങി കൊച്ചിയിലെ ഞങ്ങളുടെ സാനിധ്യം വ്യാപിപ്പിക്കുന്നതിൽ ഞങ്ങൾ ആവേശഭരിതരാണെന്ന് സോച്ച് അപ്പാരൽസിന്റെ സഹസ്ഥാപകനും സിഇഒയുമായ് വിനയ് ചത്‌ലാനി പറഞ്ഞു. ഞങ്ങളെ സംബന്ധിച്ചിടത്തോളം കൊച്ചി നിർണായകമായ ഒരു വിപണിയാണണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ആർപ്പോ മെട്രോ ദൃശ്യവിരുന്നൊരുക്കി തോൽപ്പാവക്കൂത്ത്



**കൊച്ചി:** പദ്മശ്രീ രാമചന്ദ്ര പുലവരും സംഘവും അവതരിപ്പിച്ച മഹാബലി ചരിതം തോൽപ്പാവക്കൂത്ത് കൊച്ചി മെട്രോയുടെ ജോസ് ജംഗ്ഷനിലെ ഓപ്പൺ എയർ തീയേറ്ററിൽ അരങ്ങേറി . എൺപതില്പരം പാവകൾ എണ്ണവിളക്കുകളുടെ നാളത്തിൽ തിരുവോണ കഥ പറഞ്ഞു . മഹാബലിയുടെ ഐതിഹ്യ പെരുമയും ദേവന്മാരുടെ ചതിപ്രയോഗവും പാലാഴി മഥനവും മൂന്നടി മണ്ണിന്റെ കഥയുമെല്ലാം പാവനാടകത്തിലൂടെ അരങ്ങിലെത്തി . മഹാബലി , വാമനൻ , ദേവന്മാർ , തിരുവാതിരകളി, പുലികളി തുടങ്ങിയവ പാവകളിലൂടെ നിറഞ്ഞാടിയത് കാണികൾക്ക് പുത്തൻ ദൃശ്യ അനുഭവമായി.

## ഓണത്തിന് കയർക്കളം തീർത്ത് കയർ കോർപ്പറേഷൻ



**ആലപ്പുഴ:** കയർ ഉത്പന്നങ്ങൾ കൊ് കളം തീർത്താണ് കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഇത്തവണ ഓണത്തെ വരവേൽക്കുന്നത്. 40 അടി നീളവും വീതിയുമുള്ള കയർക്കളമാണ് കോർപ്പറേഷൻ അങ്കണത്തിൽ ഒരുക്കിയിട്ടുള്ളത്. പീലി വിടർത്തി നിൽക്കുന്ന മയിലിന്റെ രൂപമാണ് വിവിധ വർണ്ണങ്ങളിൽ കയർ ഉത്പന്നങ്ങൾ കൊ് തീർത്തിരിക്കുന്നത്. നാല് ജീവനക്കരുടെ നേതൃത്വത്തിൽ ഒരാഴ്ച കൊാണ് കളമൊരുക്കിയത്. കയർ ഭൂവവസ്ത്രം, കയർ ഉത്പന്നങ്ങൾ, പ്രകൃതിദത്ത ഛായം എന്നിങ്ങനെ പൂർണ്ണമായും കയർ, പ്രകൃതിദത്ത ഉത്പന്നങ്ങൾ കൊാണ് കയർക്കളം തീർത്തിരിക്കുന്നത്. നടുക്കളത്തിൽ ഉപയോഗിച്ചിരിക്കുന്നത് കയർ കൊക്കോ നൂലുകളാണ്. ശനിയാഴ്ച മുതൽ രാഴ്ചക്കാലം സന്ദർശകർക്ക് സൗജന്യമായി കയർക്കളം കാണാനുള്ള അവസരം ഒരുക്കിയിട്ട്.

## 'കേരളീയം2023' ലോഗോ എൻട്രി ക്ഷണിച്ചു

**ആലപ്പുഴ:** നവംബർ ഒന്നു മുതൽ ഒരാഴ്ച തിരുവനന്തപുരത്ത് നടക്കുന്ന 'കേരളീയം2023' സാംസ്കാരികോത്സവത്തിന്റെ ലോഗോയ്ക്കായി എൻട്രികൾ ക്ഷണിച്ചു. കേരളീയത, കേരളം കൈവരിച്ച നേട്ടങ്ങൾ, ഭാവി കേരളം എന്നിവ പ്രതിഫലിപ്പിക്കുന്ന എൻട്രികൾ സെപ്റ്റംബർ 4, വൈകീട്ട് അഞ്ച് മണിക്ക് മുൻപായി സലൃമഹലല്യമ2023ീള്ളശരശമഹ@ഴാമശഹ.രീാ എന്ന മെയിലിൽ ലഭിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന ലോഗോയ്ക്ക് സമ്മാനം ലഭിക്കും.

# 'അലങ്' ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി

**കൊച്ചി:** ഗുണനിധി ,ചെമ്പൻ വിനോദ്, അപ്പാനി ശരത്, ശ്രീരേഖ , കാളി വെങ്കട്ട് എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്ന ചിത്രം അലങിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി . തമിഴ്നാട്കേരള അതിർത്തിക്ക് സമീപമുള്ള യഥാർത്ഥ സംഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, നന്നായി ചിട്ടപ്പെടുത്തിയ ആക്ഷൻ രംഗങ്ങളാൽ സമ്പന്നമായ ചിത്രമാണ് അലങ് .കേരളത്തിലെ രാഷ്ട്രീയ ഗ്രൂപ്പും തമിഴ്നാട്ടിലെ ആദിവാസി യുവജന സംഘവും തമ്മിലുള്ള ഏറ്റുമുട്ടലുകളെ കേന്ദ്രീകരിച്ചാണ് ചിത്രത്തിന്റെ കഥ മുന്നോട്ടുപോകുന്നത്. ചിത്രത്തിൽ ഒരു നായയും നിർണായക വേഷം ചെയ്യുന്നുണ്ട്.

'ഉറുമീൻ', 'പയനികൾ ഗവണിക്കവും' എന്നീ പ്രശസ്ത ചിത്രങ്ങളുടെ സംവിധായകൻ എസ്പി ശക്തിവേൽ ആണ് ചിത്രത്തിന്റെ രചനയും സംവിധാനവും . 'ഗുഡ്നൈറ്റ്' എന്ന വിജയചിത്രത്തിന്റെ ക്രിയേറ്റീവ് പ്രൊഡ്യൂസർ കൂടിയായിരുന്നു അദ്ദേഹം. ജി വി പ്രകാശും ഗൗതം മേനോനും അഭിനയിച്ച 'സെൽഫി' എന്ന വിജയ ചിത്രത്തിനു ശേഷം ഡി ശബരീഷും എസ്.എ.സംഘമിത്രയും ചേർന്നാണ് അലങ് നിർമ്മിച്ചിരിക്കുന്നത്.'അലങ് ' അതിന്റെ പേര് പുരാതന തമിഴ് നേറ്റീവ് നായ ഇനത്തിൽ നിന്ന് ലഭിച്ചതാണ്. ചരിത്രപരമായി രാജരാജ ചോള രാജാവിന്റെ യുദ്ധ നായ് സേനയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇടുക്കി, അട്ടപ്പാടി (കേരളം), തേനി, കമ്പം, ആനക്കട്ടി (തമിഴ്നാട്) എന്നിവിടങ്ങളിലെ നിബിഡ വനപ്രദേശങ്ങളിൽ 52 ദിവസമാണ് ചിത്രത്തിന്റെ ചിത്രീകരണം നടന്നത്.സവിശേഷ സിനിമാറ്റിക് അനുഭവം ഈ ചിത്രം വാഗ്ദാനം ചെയ്യുന്ന ചിത്രത്തിന്റെ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുന്നു. ചിത്രത്തിന്റെ അണിയറപ്രവർത്തകർ ഇവരാണ്.ഡിഒപി: എസ്.പാണ്ടികുമാർ, സംഗീതം: അജേഷ്




കല: പി.എ.ആനന്ദ്, എഡിറ്റർ: സാൻ ലോകേഷ്, സ്റ്റണ്ട്: ദിനേശ് കാശി,ശബ്ദമിശ്രണം: സുരൻ.ജിനൃത്തസംവിധാനം: അസ്ഹർ, ദസ്തഅഡീഷണൽ ആർട്ട്: ദിനേശ് മോഹൻമേക്കപ്പ്: ഷെയ്ക്,ഉപഭോക്താവ്: ടി.പാണ്ഡ്യൻ,കോസ്റ്റ്യൂം ഡിസൈനർ: ജോഷ്വ മാക്സ്വെൽ ,വിഎഫ്എക്സ്: അജാക്സ് മീഡിയ ടെക്,പ്രൊഡക്ഷൻ കൺട്രോളർ: അരുൺ വിച്ചുപ്രൊഡക്ഷൻ മാനേജർ: ആർ.കെ.സേതുഅസിസ്റ്റന്റ് പ്രൊഡക്ഷൻ മാനേജർ: സേട്ടു ബോൾഡ്,ഡയറക്ഷൻ ടീം: വീര വിജയരംഗം, അരുൺ ശിവ സുബ്രഹ്മണ്യം, വിജയ് സീനിവാസൻ, ലിയോ ലോഗൻ, അഭിലാഷ് സെൽവമണി, സെബിൻ എസ്, ദേവദാസ് ജാനകിരാമൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ:ഡി.ശങ്കർബാലാജി,നിർമ്മാണം: ഡി ശബരീഷ്, എസ്.എ.സംഗമിത്രബാനർ: ഡിജി ഫിലിം കമ്പനി & മാഗ്നാസ് പ്രൊഡക്ഷൻസ്. പി ആർ ഓ പ്രതീഷ് ശേഖർ.

# 'ഖുർബാനി 'ഒരുങ്ങുന്നു

**കൊച്ചി:** യൂത്ത് സ്റ്റാർ ഷെയ്ൻ നിഗം,ആർഷ ബൈജു എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിനവാഗതനായ ജിയോ വി തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന'ഖുർബാനി ' പ്രദർശനത്തിനൊരുങ്ങന്നു.വർണ്ണചിത്രയുടെ ബാനറിൽ മഹാ സുബൈർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ചാരുഹാസൻ,സൗബിൻ ഷാഹിർ,ഹരിശ്രീ അശോകൻ,ജോയ് മാത്യു, ശ്രീജിത്ത് രവി, പ്രശാന്ത് അലക്സാണ്ടർ,ഹരീഷ് കണാരൻ, സുനിൽ സുഖദ,മൻരാജ്, രാജേഷ് ശർമ്മ, ജെയിംസ് ഏലിയ,അജി,കോട്ടയം പ്രദീപ് ,സുധി കൊല്ലം,സതി പ്രേംജി,നന്ദിനി,നയന,രാഖി തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.സുനോജ് വേലായുധൻ ഛായാഗ്രഹണം നിർവഹിക്കുന്നു.എഡിറ്റർ ജോൺകുട്ടി, എക്സിക്യുട്ടീവ് പ്രൊഡ്യൂസർ സൈനുദ്ദീൻ,കല സഹസ് ബാല, വസ്ത്രാലങ്കാരം അക്ഷയ പ്രേംനാഥ്, മേക്കപ്പ്ഷാജി പുൽപ്പള്ളി,പ്രൊഡക്ഷൻ കൺട്രോളർഷമീജ് കൊയിലാണ്ടി, സ്റ്റിൽസ് സൂപ്പർ ഷിബു, ഡിസൈൻജിസ്സൺ പോൾ, വിതരണം വർണ്ണചിത്ര,പി ആർ ഒഎ എസ് ദിനേശ്.




# 'ജമീലാന്റെ പൂവൻകോഴി ' ഫസ്റ്റ്ലുക്ക് പോസ്റ്റർ പുറത്ത്

**കൊച്ചി:** നവാഗതനായ ഷാജഹാൻ സംവിധാനം ചെയ്ത 'ജമീലാൻറെ പൂവൻകോഴി'തിയേറ്ററിലേക്ക്. ബിന്ദു പണിക്കർ 'ജമീല' എന്ന വേറിട്ട കഥാപാത്രത്തെ ഒരുക്കുന്ന പുതുമയുള്ള ചിത്രം കൂടിയാണ് ജമീലാൻറെ പൂവൻകോഴി. പ്രമുഖ സംവിധായകരും താരങ്ങളുമായ നാദിർഷയുടെയും രമേഷ് പിഷാരടിയുടെയും ഫെയ്സ് ബുക്ക് പേജിലൂടെ ചിത്രത്തിൻറെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു.നർമ്മരസങ്ങളായ ജീവിതമുഹൂർത്തങ്ങളെ കോർത്തിണക്കി നമുക്ക് ചുറ്റും നടക്കുന്ന സാമൂഹിക പ്രശ്നങ്ങളെ വെള്ളിത്തിരയിലെത്തിക്കുന്ന ജമീലാൻറെ പൂവൻകോഴി അടുത്ത മാസം തിയേറ്ററിലെത്തും. ഇത്ത പ്രൊഡക്ഷൻസിൻറെ ബാനറിൽ ഫസൽ കല്ലറയ്ക്കൽ, നൗഷാദ് ബക്കർ എന്നിവരാണ് ചിത്രം നിർമ്മിക്കുന്നത്. എറണാകുളം പശ്ചിമകൊച്ചിയുടെ സാമൂഹിക പശ്ചാത്തലത്തിലാണ് സിനിമയുടെ കഥ പറയുന്നത്.അവിടെയൊരു കോളനിയിലെ സാധാരണക്കാരായ മനുഷ്യരുടെ ജീവിതപ്രശ്നങ്ങളിലൂടെയാണ് ചിത്രം കടന്നുപോകുന്നത്.കോളനിയുടെ പശ്ചാത്തലത്തിൽ ഒരു അമ്മയുടെയും മകൻറെയും കഥ പറയുന്ന ഈ സിനിമ കേവലം കുടുംബകഥ മാത്രമല്ല അതിനുമപ്പുറം വളരെ ഗൗരവമായ ചില പ്രശ്നങ്ങളിലേക്കും കഥ നീണ്ടു പോകുകയാണ്. കോമഡിക്ക് ഏറെ പ്രാധാന്യമുള്ള ഒരു ഫാമിലി എൻറർടെയ്നർ കൂടിയാണ് ജമീലാൻറെ പൂവൻകോഴി മിഥുൻ നളിനിയാണ് ചിത്രത്തിലെ നായകൻ. പുതുമുഖതാരം അലീഷയാണ് നായിക. നൗഷാദ് ബക്കർ, സൂരജ് പോപ്പ്സ്, അഷ്റഫ് ഗുരുക്കൾ നിഥിൻ തോമസ്, അഞ്ജന അപ്പുക്കുട്ടൻ, കെ ടി എസ് പടന്നയിൽ ,പൗളി വിൽസൺ, മോളി, ജോളി, തുടങ്ങിയവരാണ് മറ്റ് അഭിനേതാക്കൾ.ബാനർ ഇത്തപ്രൊഡക്ഷൻസ്. നിർമ്മാണംഫസൽ കല്ലറക്കൽ ,നൗഷാദ് ബക്കർ, ഷാജഹാൻ.കോപ്രൊഡ്യൂസർ നിബിൻ സേവ്യർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ജസീർ മൂലയിൽ,തിരക്കഥ ,സംഭാഷണം ഷാജഹൻ, ശ്യാം മോഹൻ (ക്രിയേറ്റീവ് ഡയറക്ടർ) ഛായാഗ്രഹണം വി




ശാൽ വർമ്മ, ഫിറോസ് ഖാൻ, മെൽബിൻ കുരിശിങ്കൽ,ഷാൻ പി റഹ്മാൻ. സംഗീതം ടോണി ജോസഫ്, അലോഷ്യ പീറ്റർ ഗാന രചന സുജേഷ് ഹരി, ഫൈസൽ കന്മനം, ഫിലിം എഡിറ്റർ ജോവിൻ ജോൺ. പശ്ചാത്തല സ്കോർ അലോഷ്യ പീറ്റർ. പ്രൊഡക്ഷൻ കൺട്രോളർ ബജാവേദ് ചെമ്പ്. ചീഫ് അസോസിയേറ്റ് ഫൈസൽ ഷാ. കലാസംവിധായകൻ സത്യൻ പരമേശ്വരൻ.സംഘട്ടനം അഷ്റഫ് ഗുരുക്കൾ. വസ്ത്രാലങ്കാരം ഇത്ത ഡിസൈൻമേക്കപ്പ് ബസുധീഷ് ബിനു, അജയ്. കളറിസ്റ്റ് ശ്രീക് വേരിയർ പൊയറ്റിക് പ്രിസോം. സൗണ്ട് ഡിസൈൻ ജോമി ജോസഫ് .സൗണ്ട് മിക്സിംഗ് ജിജുമോൻ ബ്രൂസ് പ്രോജക്റ്റ് ഡിസൈനർതമ്മി രാമൻ കൊറിയോഗ്രാഫി പച്ചു ഇമോ ബോയ്.ലെയ്സൺ ഓഫീസർ സലീജ് പഴുവിൽ. പി ആർ ഒ പി.ആർ. സുമേരൻ.മഞ്ജു ഗോപിനാഥ്, സ്റ്റിൽസ് ബരാഹുൽ അനിസ് ഫസൽ ആളൂർ അൻസാർ ബീരാൻ പ്രൊമോഷണൽ സ്റ്റില്ലുകൾ സിബി ചീരൻ പബ്ലിസിറ്റി ഡിസൈൻ ആർട്ടോകാർപസ്വിതരണം ബ ഇത്ത പ്രൊഡക്ഷൻസ്, അനിൽ തൂലിക ,മുരളി എസ്എം ഫിലിംസ്, അജിത് പവിത്രം ഫിലിംസ്.

# 'മുകൾപ്പരപ്പ് 'ട്രെയിലർ

**കൊച്ചി:** തിങ്കളാഴ്ച നിശ്ചയം എന്ന ചിത്രത്തിനു ശേഷം സുനിൽ സൂര്യയെ പ്രധാന കഥാപാത്രമാക്കി സിബി പടിയറ രചനയും സംവിധാനവും നിർവഹിക്കുന്ന'മുകൾപ്പരപ്പ് 'എന്ന് ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.സെപ്റ്റംബർ ഒന്നിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ അപർണ്ണ ജനാർദ്ദനൻ നായികയാകുന്നു.ശിവദാസ് മട്ടന്നൂർ, ഉണ്ണിരാജ് ചെറുവത്തൂർ, മാമുക്കോയ,ഊർമിള ഉണ്ണി, ചന്ദ്രദാസൻ ലോകധർമ്മി , മജീദ്,ബിന്ദു കൃഷ്ണ, രജിത മധു , എന്നിവർക്കൊപ്പം ഒട്ടേറെ തെയ്യം കലാകാരൻമാരും അഭിനയിക്കുന്നുണ്ട്. ജ്യോതിസ് വിഷൻന്റെ ബാനറിൽ നിർമ്മിക്കുന്ന ജയപ്രകാശൻ കെ കെ ഈ ചിത്രത്തിന്റെ സഹ രചയിതാവും ഗാനരചയിതാവും കൂടിയായയാണ്. ജോൺസ്




പനയ്ക്കൽ, സിനു സീതത്തോട്, ഷമൽ സ്വാമിദാസ്, ബിജോ മോഡിയിൽ കുമ്പളാംപൊയ്ക, ഹരിദാസ് പാച്ചേനി, മനോജ് സി.പി, ആദിത്യ പി.ഒ, അദ്വൈത് പി.ഒ, ലെജു നായർ നരിയാപുരം എന്നിവരാണ് 'മുകൾപ്പരപ്പി'ന്റെ സഹ നിർമ്മാതാക്കൾഛായാഗ്രഹണംഷിജി ജയദേവൻ,നിതിൻ കെ രാജ്,സംഗീതംപ്രമോദ് സാരംഗ്,ജോജി തോമസ്,ഗാനരചന ജെ പി തവറൂൽ,സിബി പടിയറ,എഡിറ്റർ ലിൻസൺ റാഫേൽ, പശ്ചാത്തല സംഗീതം അലൻ വർഗീസ്,ചീഫ് അസോസിയേറ്റ് ഡയറക്ടർശ്രീകുമാർ വള്ളംകുളം,ഫിനാൻസ് കൺട്രോളർടി പി ഗംഗാധരൻ,പ്രൊജക്റ്റ് മാനേജർബെന്നി നെല്ലുവേലി, പ്രൊഡക്ഷൻ എക്സിക്യൂട്ടിവ് പ്രവീൺ ശ്രീകണ്ഠപുരം. ഡിടിഎസ് മിക്സിംഗ് ജുബിൻ രാജ്, പി ആർ ഒഎ എസ് ദിനേശ്.

# മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്: ആദ്യ പാദത്തിൽ 103 ശതമാനം ലാഭ വളർച്ച

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് 2023 ജൂൺ 30ന് അവസാനിച്ച പാദത്തിൽ 103 ശതമാനം ത്രൈമാസാടിസ്ഥാനത്തിൽ വളർച്ച ലാഭത്തിൽ രേഖപ്പെടുത്തി. മുൻ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിലെ 114.07 കോടിയെ അപേക്ഷിച്ച് ഈ പാദത്തിൽ മൊത്തം വരുമാനം 156.20 കോടി രൂപയുമായി മികച്ച ത്രൈമാസ വരുമാന വളർച്ച രേഖപ്പെടുത്തി.ഈ പാദത്തിൽ കമ്പനിയുടെ അറ്റ നിഷ്ക്രിയ ആസ്തികൾ 0.44 ശതമാനം എന്ന നിലയിൽ ശക്തമായി തുടരുകയാണ്. കമ്പനിയുടെ അറ്റാദായം 103 ശതമാനം വർധിച്ച് 21.98 കോടിയായി. മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഇത് 10.82 കോടിയായിരുന്നു. നികുതിക്ക് മുമ്പുള്ള ലാഭം 30.43 കോടി രൂപയാണ്. കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തി മുൻ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിനേക്കാൾ 593 കോടി രൂപ ഈ പാദത്തിൽ വർധിച്ചു.കഴിഞ്ഞ വർഷം മുത്തൂറ്റ് മിനി ഫിനാൻഷ്യേഴ്സ് 50 പുതിയ ശാഖകൾ തുറന്ന് രാജ്യത്തുടനീളം ശൃംഖല വിപുലീകരിച്ചു. ഇപ്പോൾ കമ്പനിയുടെ ശൃംഖല മൊത്തം 870ലധികം ശാഖകളായി വിപുലമാക്കി ഇതിലൂടെ വിവിധ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് കമ്പനിയുടെ സാമ്പത്തിക സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാൻ സാധിച്ചു. 2024 സാമ്പത്തിക വർഷാവസാനത്തോടെ 1,000ലധികം ശാഖകൾ എന്ന നാഴികക്കല്ലാണ് കമ്പനി ലക്ഷ്യമിടുന്നത്.തങ്ങളുടെ ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സ്വർണ്ണ വായ്പാ അനുഭവം ലഭ്യമാക്കുന്നതിൽ തങ്ങൾ പ്രതിജ്ഞാബദ്ധരാണ്, വിപണിയിൽ നേതൃത്വ സ്ഥാനത്ത് തുടരുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ട്. നൂതനവും മികച്ച സാമ്പത്തിക സേവനങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് തുടരുമെന്നും മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു.ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച അനുഭവം നൽകുന്നതിന് തങ്ങൾ പ്രതിജ്ഞാബദ്ധരാണ് കൂടാതെ തങ്ങളുടെ സേവനങ്ങൾ തുടർച്ചയായി നവീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പ്രതിജ്ഞാബദ്ധരാണെന്ന് മുത്തൂറ്റ് മിനി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി ഇ മത്തായി കൂട്ടിച്ചേർത്തു.

# ഗുന്നെബോ കൊച്ചിയിൽ എക്സ്പീരിയൻസ് സോൺ തുറന്നു




**കൊച്ചി:** സ്വീഡൻ ആസ്ഥാനമായുള്ള സുരക്ഷാ പരിഹാരങ്ങളിൽ ആഗോള തലവനായ ഗുന്നെബോ കൊച്ചിയിൽ തങ്ങളുടെ ഏറ്റവും പുതിയ എക്സ്പീരിയൻസ് സോൺ തുറന്നു. കലൂർ ആസാദ് റോഡിലുള്ള തര്യൻ ഏജൻസീസിൽ എറണാകുളം എം എൽ എ ടി ജെ വിനോദ് പുതിയ സോൺ ഉദ്ഘാടനം ചെയ്തു. ജ്വല്ലറികളും റീട്ടെയിൽ സെഗ്മെന്റും പോലുള്ള ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്ന തരത്തിൽ മികച്ച ഇൻക്ലാസ് സുരക്ഷിത സംഭരണ സൊല്യൂഷനുകൾ കൊണ്ടുവരിക എന്നതാണ് ഈ എക്സ്പീരിയൻസ് സോൺ ലോഞ്ച് ലക്ഷ്യമിടുന്നതെന്ന് ഗുന്നെബോ സേഫ് സ്റ്റോറേജ് വൈസ് പ്രസിഡന്റ് സബ്യസാചി സെൻഗുപ്ത പറഞ്ഞു.എക്സ്പീരിയൻസ് സോണിൽ ഗുന്നെബോ തങ്ങളുടെ രണ്ട് പ്രമുഖ ബ്രാൻഡുകളായ സ്റ്റീലേജ്, ചബ്സാഫേസ് എന്നിവയുടെ സേഫ് സ്റ്റോറേജ് സൊല്യൂഷനുകളുടെ വിപുലമായ ശ്രേണി പ്രദർശിപ്പിക്കുന്നു.കൊച്ചി എക്സ്പീരിയൻസ് സോണിന്റെ മഹത്തായ ലോഞ്ച് ഉപഭോക്താക്കൾക്ക് ഒരു സ്പർശന അനുഭവം സമ്മാനിക്കുന്നതിൽസുപ്രധാന മുന്നേറ്റം അടയാളപ്പെടുത്തുന്നു, ഏതെങ്കിലും ഫിസിക്കൽ സെക്യൂരിറ്റി സൊല്യൂഷൻ തിരഞ്ഞെടുക്കുമ്പോൾ അത് നിർണായകമാണ്. അനുഭവ മേഖലയിലേക്കുള്ള സന്ദർശകർക്ക് ഞങ്ങളുടെ യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ വൈദഗ്ധ്യത്തിൽ നിന്ന് പ്രയോജനം ലഭിക്കും, അവർ അവരുടെ സംരംഭങ്ങൾക്കായി മികച്ച സുരക്ഷിത സംഭരണ പരിഹാരങ്ങൾ തിരഞ്ഞെടുക്കുന്നതിന് അവരെ ഫലപ്രദമായി ഉപദേശിക്കുമെന്നും സബ്യസാചി സെൻഗുപ്ത പറഞ്ഞു.ബംഗളുരു, പട്ന, ഹൈദരാബാദ്, മുംബൈ, കൊൽക്കത്ത, ജയ്പൂർ, അംബാല എന്നിവിടങ്ങളിൽ ഗുന്നെബോ സമാനമായ അനുഭവ മേഖലകൾ തുറന്നിട്ടുണ്ട്. നൂതന സാങ്കേതികവിദ്യ, ഈട്, ഉപയോഗ എളുപ്പം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ഈ ഉൽപ്പന്നങ്ങൾ സ്വർണ്ണം, പണം, ആഭരണങ്ങൾ, മറ്റ് വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവ സൂക്ഷിക്കുന്നതിന് അനുയോജ്യമാണെന്നും സബ്യസാചി സെൻഗുപ്ത പറഞ്ഞു.

# കൊച്ചിയിലെ തൊഴിൽ അപേക്ഷകരിൽ 45 ശതമാനവും വനിതകളെന്നു റിപ്പോർട്ട്

**കൊച്ചി:** കൊച്ചിയിലെ പ്രൊഫഷണൽ മേഖലയിൽ വനിതകൾ വൻ മാറ്റങ്ങൾ വരുത്തുന്നതായി രാജ്യത്തെ പ്രീമിയർ തൊഴിൽ, പ്രഫഷണൽ നെറ്റ് വർക്കിങ് സംവിധാനമായ അപ്നാ ഡോട്ട് കോയുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇവിടെ ലഭിക്കുന്ന തൊഴിൽ അപേക്ഷകളിൽ 45 ശതമാനവും വനിതകളിൽ നിന്നാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. 2,17,000 അപേക്ഷകൾ ലഭിച്ചപ്പോൾ അതിൽ 98,000 വനിതകളിൽ നിന്നായിരുന്നു. സെയിൽസ്, ബിസിനസ് ഡെവലപ്മെൻറ്, ഉപഭോക്തൃ പിന്തുണ, അഡ്മിനിസ്ട്രേറ്റീവ്, ബാക്ക് ഓഫീസ് സംവിധാനങ്ങൾ തുടങ്ങിയ മേഖലകളിലായി നിരവധി അവസരങ്ങളാണ് ഈ തൊഴിൽ പ്ലാറ്റ് ഫോം ഒരുക്കുന്നത്. 2023 ആദ്യ പകുതിയിൽ 5400 പോസ്റ്റിങ്ങുകളാണ് ഈ മേഖലകളിലായി നടത്തിയത്. കൊച്ചിയിൽ ഓരോ ദിവസവും 30 പുതിയ ജോലി അവസരങ്ങൾ വീതമാണ് ഉയർന്നു വരുന്നത്. കൊച്ചിയുടെ ഈ മാറ്റത്തിൽ നിർണായക സംഭാവനകൾ നൽകാനായതിൽ അഭിമാനമുണ്ടെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ അപ്നാ ഡോട്ട് കോ സിഇഒയും സ്ഥാപകനുമായ നിർമിത പരീഖ പറഞ്ഞു. തൊഴിൽ സംബന്ധമായ ഓരോ വ്യക്തിയുടേയും നീക്കങ്ങൾക്കു ശക്തി പകരുന്നതാണു തങ്ങളുടെ സംവിധാനമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫെഡറൽ ബാങ്ക് –കാർത്തിക് ലൈവ് സെപ്തംബർ 23ന്

**കൊച്ചി:** പ്രശസ്ത പിന്നണി ഗായകൻ കാർത്തിക് നയിക്കുന്ന തത്സമയ സംഗീത പരിപാടി സെപ്തംബർ 23ന് കൊച്ചിയിൽ നടക്കും. ഫെഡറൽ ബാങ്ക് അവതരിപ്പിക്കുന്ന 'കാർത്തിക് ലൈവ്' സെപ്റ്റംബർ 23ന് അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വൈകുന്നേരം 7 മണി മുതൽ നടക്കും. നേരത്തെ സെപ്റ്റംബർ രിനായിരുന്നു പരിപാടി പ്രഖ്യാപിച്ചത്. എന്നാൽ ഓണത്തിരക്കും അവധി ദിനങ്ങളും കാരണം സംഗീതാസ്വാധകരുടെ ആവശ്യം പരിഗണിച്ച് പരിപാടി 23 ലേക്ക് മാറ്റിയതായി സംഘാടകർ അറിയിച്ചു. ഫെഡറൽ ബാങ്കിനു വേി ക്ലിയോനെറ്റ് ഇവന്റ്സ് ആൻഡ് എന്റർടൈൻമെന്റ്സ് ആണ് കൊച്ചിയിൽ 'ഫെഡറൽ ബാങ്ക് കാർത്തിക് ലൈവ്' സംഘടിപ്പിക്കുന്നത് .മികച്ച പിന്നണി ഗായകനും സംഗീത സംവിധായകനുമായ കാർത്തിക് മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഒഡിയ, ബംഗാളി, മറാത്തി, ഹിന്ദി തുടങ്ങിയ ഭാഷകളിലായി 6000ലധികം ഗാനങ്ങൾക്ക് തന്റെ ശ്രുതിമധുരമായ ശബ്ദം നൽകിയിട്ടു്. വിവിധ വിഭാഗങ്ങളിൽ ബുക്ക്മൈഷോ വഴി ടിക്കറ്റുകൾ ബുക്ക് ചെയ്യാം. ഫെഡറൽ ബാങ്ക് ഇടപാടുകാർക്ക് ടിക്കറ്റ് നിരക്കിൽ 10% കിഴിവ് ലഭിക്കുന്നതാണ്. കൂടാതെ ഓണത്തോടനുബന്ധിച്ച് ഇപ്പോൾ ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് പ്രത്യേക ഓഫറുകളും ലഭ്യമാണ്. ടിക്കറ്റുകൾ https://in.bookmyshow.com/events/federal-bank-presents-karthik-live-at-cochin/ET00366576 ലിങ്കിൽ ലഭിക്കും.

## ഫീൽഡ്മാൻ തസ്തികയിൽ താൽക്കാലിക ഒഴിവ്

**കൊച്ചി:** ഒരു സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനത്തിൽ ഫീൽഡ്മാൻ തസ്തികയിൽ താൽക്കാലിക ഒഴിവുകളുണ്ട്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ സെപ്തംബർ 13 നകം യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സേഞ്ചിൽ നേരിട്ട് ഹാജരാകണം. എസ്.എസ്.എൽ.സി/ തത്തുല്യം, സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഫിഷർമാൻ തസ്തികയിൽ രണ്ട് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രായപരിധി 1836 (സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃത വയസ്സിളവ് ബാധകമാണ്). കൂടുതൽ വിവരങ്ങൾക്ക് 0484 2422458 ഈ നമ്പറിൽ ബന്ധപ്പെടുക.

# നിത അംബാനി റിലയൻസ് ഫൗണ്ടേഷൻ ചെയർപേഴ്സണായി തുടരും

**കൊച്ചി/ മുംബൈ:** ഇഷ അംബാനി, ആകാശ് അംബാനി, അനന്ത് അംബാനി എന്നിവരെ റിലയൻസിന്റെ നോൺ എക്സിക്യൂട്ടീവ് ഡയറക്ടർമാരായി നിയമിക്കാൻ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഡയറക്ടർ ബോർഡ് മീറ്റിങ്ങിൽ തീരുമാനിച്ചു. ഹ്യൂമൻ റിസോഴ്സ്, നോമിനേഷൻ ആൻഡ്  റെമ്യൂണറേഷൻ കമ്മിറ്റി മുന്നോട്ടുവച്ച നിർദ്ദേശപ്രകാരമാണ് തീരുമാനം. ഓഹരി ഉടമകളുടെ അംഗീകാരത്തിനുശേഷം നിയുക്ത വ്യക്തികൾ അവരുടെ ചുമതലകൾ ഔദ്യോഗികമായി ഏറ്റെടുക്കും.ഇതിനൊപ്പം നിത അംബാനിയുടെ രാജി ഡയറക്ടർ ബോർഡ് ഔദ്യോഗികമായി സ്വീകരിച്ചു. റിലയൻസ് ഫൗണ്ടേഷന്റെ ചെയർപേഴ്സൺ എന്ന നിലയിൽ, നിത അംബാനി എല്ലാ ആർഐഎൽ ബോർഡ് മീറ്റിംഗുകളിലും സ്ഥിരം ക്ഷണിതാവായി പങ്കെടുക്കും, അതുവഴി നിത അംബാനിയുടെ ഉൾക്കാഴ്ചകളും ഉപദേശങ്ങളും കമ്പനിയുടെ നടപടികളെ സമ്പന്നമാക്കുന്നത് തുടരും.ഇന്ത്യയിൽ കൂടുതൽ ആഴത്തിലുള്ള സ്വാധീനം സൃഷ്ടിക്കുന്നതിനായി റിലയൻസ് ഫൗണ്ടേഷൻ നടത്തുന്ന പ്രവർത്തനങ്ങളെ നയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി തന്റെ പരിശ്രമങ്ങളും സമയവും വിനിയോഗിക്കാനുള്ള നിത അംബാനിയുടെ തീരുമാനത്തെ അംഗീകരിച്ചാണ് ഈ നീക്കം. റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപക ചെയർപേഴ്സൺ എന്ന നിലയിൽ നിത അംബാനിയുടെ നേതൃത്വത്തെ ബോർഡ് അഭിനന്ദിച്ചു. നിത അംബാനിയുടെ ഭരണകാലത്തുടനീളം, ഇന്ത്യയിലുടനീളമുള്ള അവശത അനുഭവിക്കുന്ന സമൂഹങ്ങളെ പിന്തുണയ്ക്കുന്നതിനും ഉയർത്തുന്നതിനുമുള്ള ദൗത്യത്തിൽ ഫൗണ്ടേഷൻ ഗണ്യമായ മുന്നേറ്റം നടത്തി. നവീനമായ സംരംഭങ്ങളിലൂടെയും പ്രോഗ്രാമുകളിലൂടെയും കൂടുതൽ കാര്യമായ സാമൂഹിക മാറ്റം വരുത്താനുള്ള യാത്ര ആരംഭിക്കുമ്പോൾ, റിലയൻസ് ഫൗണ്ടേഷനെ ശക്തിപ്പെടുത്തുന്നതിനുള്ള നിത അംബാനിയുടെ പ്രകടമായ പ്രതിബദ്ധതയെ ബോർഡ് പ്രശംസിച്ചു.ഇഷാ അംബാനി, ആകാശ് അംബാനി, അനന്ത് അംബാനി എന്നിവർ ആർഐഎല്ലിലെ നിർണായക മേഖലകളായ റീട്ടെയിൽ, ഡിജിറ്റൽ സേവനങ്ങൾ, ഊർജം, മെറ്റീരിയൽ ബിസിനസുകൾ എന്നിവയുടെ പ്രവർത്തനത്തിലും നേതൃത്വത്തിലും അവിഭാജ്യ പങ്ക് വഹിച്ചിട്ടുണ്ട്.  ആർഐഎൽ അനുബന്ധ കമ്പനികളുടെ ബോർഡുകളിലും അവർ സ്ഥാനങ്ങൾ വഹിക്കുന്നുണ്ട്. ആർഐഎൽ ബോർഡിൽ അവരെ ഉൾപ്പെടുത്തുന്നത് പുതിയ കാഴ്ചപ്പാടുകളും നൂതന ആശയങ്ങളും അവതരിപ്പിക്കുന്നതിന് വഴിയൊരുക്കുമെന്ന് ഡയറക്ടർ ബോർഡ് അഭിപ്രായപ്പെട്ടു.

# ഫോൺപേ പുതിയ സ്റ്റോക്ക് ബ്രോക്കിംഗ് പ്ലാറ്റ്ഫോം അവതരിപ്പിക്കുന്നു




**ബംഗളൂരു:** ഫോൺപേ, അതിന്റെ അനുബന്ധ സ്ഥാപനമായ ഫോൺപേ വെൽത്ത് ബ്രോക്കിംഗ് പ്രൈവറ്റ് ലിമിറ്റഡിന് കീഴിലുള്ള ഷെയർ(ഡോട്ട്)മാർക്കറ്റിലൂടെ അതിന്റെ സ്റ്റോക്ക് ബ്രോക്കിംഗിലേക്കുള്ള കടന്നുവരവിനെ പ്രഖ്യാപിച്ചു. മാർക്കറ്റ് ഇന്റലിജൻസ്, ക്വാണ്ടിറ്റേറ്റീവ് റിസർച്ച് അധിഷ്ഠിത വെൽത്ത് ബാസ്ക്കറ്റുകൾ, സ്കെയിലബിൾ ടെക്നോളജി പ്ലാറ്റ്ഫോം, നിക്ഷേപകർക്കും വ്യാപാരികൾക്കും ഒരുപോലെ മികച്ച ഉപഭോക്തൃ അനുഭവം എന്നിവ നൽകിക്കൊണ്ട് ഷെയർ(ഡോട്ട്)മാർക്കറ്റ് ഡിസ്കൗണ്ട് ബ്രോക്കിംഗ് ഉയർത്തുന്നതായി കമ്പനി അധികൃതർ വ്യക്തമാക്കി. ഷെയർ(ഡോട്ട്) മാർക്കറ്റ് ഒരു മൊബൈൽ ആപ്ലിക്കേഷനായും ഒരു സമർപ്പിത വെബ് പ്ലാറ്റ്ഫോമായും ലഭ്യമാണ്, ഇത് റീട്ടെയിൽ നിക്ഷേപകരെ സ്റ്റോക്കുകൾ വാങ്ങാനും ഇൻട്രാ ഡേ ട്രേഡുകൾ ചെയ്യാനും ക്യുറേറ്റഡ് വെൽത്ത് ബാസ്ക്കറ്റുകൾ, മ്യൂച്വൽ ഫണ്ടുകൾ എന്നിവ വാങ്ങാനും സഹായിക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ജെ എസ് ഡബ്ല്യൂ പെയിന്റ്സ് പുതിയ പിക്സ കാംപയിൻ അവതരിപ്പിച്ചു




**കൊച്ചി:** ജെ എസ് ഡബ്ല്യൂ ഗ്രൂപ്പിന്റെ ഭാഗവുമായ ജെ എസ് ഡബ്ല്യൂ പെയിന്റ്സ്, ഇന്ത്യൻ ഉപഭോക്താക്കളെ ശാക്തീകരിക്കാൻ പുതിയ പിക്സ കാമ്പെയ്ൻ അവതരിപ്പിച്ചു. ജെ എസ് ഡബ്ല്യൂ പെയിന്റ്സിന്റെ കാണാൻ രസകരമായ ഫിലിം, പരമാവധി കവറേജ് വാഗ്ദാനം ചെയ്യുന്ന പിക്സ എന്ന ഉൽപ്പന്നത്തിന്റെ നേട്ടങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നു. പ്രമുഖ ടിവി ചാനലുകൾ, ഡിജിറ്റൽ, മറ്റ് പ്ലാറ്റ്ഫോമുകൾ എന്നിവയിലായി പുതിയ കാംപയിന് തുടക്കം കുറിച്ചു. സുതാര്യത, ഉപഭോക്താക്കളെ ബോധവത്കരിക്കൽ, നവീകരണം എന്നിവ ജെഎസ് ഡബ്ല്യു പെയിന്റ്സിൽ തങ്ങളുടെ ബ്രാൻഡ് കാംപയിനുകളെ സ്ഥിരതയോടെ നയിച്ചിട്ടുണ്ടെന്ന്  ജെ എസ് ഡബ്ല്യൂ പെയിന്റ്സ് സിഇഒ എ.എസ് സുന്ദരേശൻ പറഞ്ഞു. ഏറ്റവും പുതിയ ഈ ഉദ്യമത്തിൽ, ശരിയായ ചോദ്യങ്ങൾ ചോദിക്കാനും ശരിയായ ഉത്തരങ്ങൾ കത്തൊനും അവരുടെ അറിവോടെയുള്ള തിരഞ്ഞെടുപ്പിൽ നിന്ന് പരമാവധി പ്രയോജനം നേടാനും ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നതിൽ ആലിയ ഭട്ട് അവതരിപ്പിക്കുന്ന സവാലിയ എന്ന കഥാപാത്രം  പ്രധാന പങ്ക് വഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.മൂല്യത്തിന്റെ കാര്യത്തിൽ ഇന്റീരിയർ, എക്സ്റ്റീരിയർ പ്രതലങ്ങൾക്ക് അനുയോജ്യമായ  കവർമാക്സ് ഉപഭോക്താക്കൾക്ക് പ്രധാനപ്പെട്ട ഒരു സവിശേഷതയാണിത്. കവർമാക്സ് ഒരു ആട്രിബ്യൂട്ട് മാത്രമല്ല; ഒരു സമഗ്രമായ ഉപഭോക്തൃ മൂല്യ നിർദ്ദേശമാണ്. കുറഞ്ഞ അളവ് പെയിന്റ് ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് വീടുകളുടെ പെയിന്റിംഗ് പൂർത്തിയാക്കാനാവും. ഇതിന് പുറമേ, 'ഏത് നിറത്തിനും ഒരേ വില'എന്ന ജെഎസ് ഡബ്ല്യു പെയിന്റ്സിന്റെ വാഗ്ദാനത്തോടെ 1808ലധികം ഷെയ്ഡുകൾ വാഗ്ദാനം ചെയ്യുന്ന ഒരേയൊരു ബ്രാൻഡാണ് പിക്സയെന്നും സുന്ദരേശൻ പറഞ്ഞു.

